2. മൂന്നാർ സെൻട്രൽ നഴ്സറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനും ഔഷധത്തോട്ട നിർമ്മാണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 87,02,478 രൂപ ചെലവായിട്ടുണ്ട്.

3. തേക്കടിയിലെ വിവിധ പദ്ധതികൾക്കായി 15 ലക്ഷം രൂപ അനുവദിച്ചതിൽ അഞ്ചു ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

4. തൊമ്മൻകുത്ത്, ഇക്കോ ടൂറിസം പദ്ധതിക്കുവേണ്ടി 2004-2005 ൽ വനം വകുപ്പ് 3,00,000 രൂപയുടെയും 2005-2006 വർഷത്തിൽ 6,55,000 രൂപയുടെയും പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

5. കാൽവരിമൗണ്ട് ഇക്കോ ടൂറിസം പദ്ധതിക്ക് 1,46,157 രൂപ ചെലവാക്കിയിട്ടുണ്ട്.

6. കോട്ടയം, മൂന്നാർ, കോതമംഗലം ഡിവിഷനുകളിലെ വിവിധ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളും കെട്ടിടങ്ങളും പുനരുദ്ധരിച്ചതിനും ട്രെക്ക് പാത്ത് നിർമ്മിച്ചതിനും വേണ്ടി ഈ കാലയളവിൽ 18,71,101 രൂപ ചെലവാക്കിയിട്ടുണ്ട്.

7. പെരിയാർ ഹൗണ്ടേഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബയോ ഡൈവേഴ്സിറ്റി കൺസർവേഷനുവേണ്ടി 3.47 ലക്ഷം രൂപയും വിവിധ സാമൂഹിക പ്രവർത്തനങ്ങൾക്കുവേണ്ടി 6.80 ലക്ഷം രൂപയും (മൊത്തം 10.27 ലക്ഷം) ചെലവാക്കിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വനം കൈയേറ്റങ്ങൾ

102 [1932] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം കൈയേറ്റം തടയുന്നതിനും നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി കുറയാതെ നിലനിർത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

വനസംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ ഇപ്പോൾ എടുത്തുവരുന്നുണ്ട്:

1. വനാതിർത്തിയിൽ ജണ്ടകെട്ടിയും കൈയാല നിർമ്മിച്ചും വനം കൈയേറ്റം തടയുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പുതിയ കൈയേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നു. (1-1-1977-നുശേഷമുള്ള എല്ലാ കൈയേറ്റങ്ങളും ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

3. വനപ്രദേശത്തെ ജനങ്ങളെക്കൂടി വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.

4. വനം കൈയേറ്റം തടയുന്നതിന് വനം വകുപ്പുദ്യോഗസ്ഥർ പട്രോളിംഗ് നടത്തുകയും വനാതിർത്തിയിലും വനാന്തരങ്ങളിലും പരിശോധന നടത്തുകയും ചെയ്യുന്നു.

5. വനം കൈയേറ്റക്കാർ കോടതികളിൽനിന്നും കരസ്ഥമാക്കിയ സ്റ്റേ ഉത്തരവുകൾ ഒഴിവാക്കാൻ ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിച്ചുവരുന്നു.

ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് നിയന്ത്രണം

103 [1933] *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജവവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനത്തിൽനിന്നും ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതിന് വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ആദിവാസികൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിയന്ത്രണങ്ങളിൽ ഇളവു വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. വന്യജീവി നിയമത്തിലെ സെക്ഷൻ 29 പ്രകാരം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിൽനിന്നും വ്യാപാരാവശ്യത്തിന് വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നത് നിരോധിച്ചിരിക്കുകയാണ്. എന്നാൽ സംരക്ഷണ കേന്ദ്രത്തിനകത്തും തൊട്ടു വെളിയിലും താമസിക്കുന്നവരുടെ സ്വന്തം ആവശ്യങ്ങൾക്കായി വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ അനുവാദം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly